# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1945 — 07-12-2015-ൽ മറുപടിയ്ക്കുണ്ടായിരുന്നത്.

## കാരുണ്യ ബെനവലന്റ് പദ്ധതി

| | ചോദ്യം<br>ശ്രീ. രാജു എബ്രഹാം : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ആശുപത്രികളുടെ പട്ടിക ജില്ലതിരിച്ച് ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്തെ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്.<br>പദ്ധതി പ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം (എ) –യും (ബി) - യുമായി ചേർത്തിട്ടുണ്ട്. |
| (ബി) | നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര തുക ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്; സ്വകാര്യ ആശുപത്രികളിലെ അടിയന്തിര ശസ്ത്രക്രിയകൾക്ക് ചികിത്സയ്ക്കുശേഷം തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് എത്ര തുക വീതം ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട് ; | (ബി) | 03.09.2015 വരെ പദ്ധതിപ്രകാരം 1,04,785 രോഗികൾക്ക് 778.34 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br>സ്വകാര്യ ആശുപത്രികളിലെ അടിയന്തിര ശസ്ത്രക്രിയകൾക്ക് ചികിത്സയ്ക്കുശേഷം തുക അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് കാരുണ്യ പദ്ധതിപ്രകാരം ഇതേവരെ എത്ര തുക നൽകിയിട്ടുണ്ട്; ഓരോ ആശുപത്രിയും എന്നുവരെ നടത്തിയ ചികിത്സയ്ക്കാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന് ആശുപത്രികളുടെ പേര് സഹിതം വ്യക്തമാക്കുമോ; | (സി) | സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് കാരുണ്യ പദ്ധതി പ്രകാരം നാളിതുവരെ 54.34 കോടി രൂപ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്. ഓരോ ആശുപത്രിയ്ക്കും അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം-ഡി ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | കാരുണ്യബനവലന്റ് പദ്ധതിയിൽ അക്രഡിറ്റ് ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികൾ എന്തു കാരണത്താലാണ് പിൻമാറിയതെന്ന് വ്യക്തമാക്കുമോ; | (ഡി) | കാരുണ്യബനവലന്റ് പദ്ധതിയിൽ അക്രഡിറ്റ് ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽ നിന്നും നാളിതുവരെ പിൻമാറിയിട്ടില്ല. |
| (ഇ) | കാരുണ്യപദ്ധതി പ്രകാരം ചികിത്സ നൽകിയ ഇനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് പണം നൽകാനുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികൾക്ക് എത്ര തുക വീതം നൽകാനുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തുക നൽകാൻ വൈകിയതിനു കാരണവും ആയത് എന്നേയ്ക്ക് കൊടുത്തു തീർക്കാനാകും എന്നും വ്യക്തമാക്കുമോ? | (ഇ) | കാരുണ്യപദ്ധതി പ്രകാരം ചികിത്സ നൽകിയ ഇനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് പണം നൽകാനുണ്ട്. ആശുപത്രി, തുക എന്നിവയുടെ ഇനം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം (സി) - ആയി ചേർത്തിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ നിന്നും ക്ലെയിമുകൾ ലഭിക്കുന്നതനുസരിച്ച് അവ വിശദമായി പരിശോധിച്ചാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. കുടിശ്ശികയായിട്ടുള്ള ചികിത്സാ ധനസഹായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ.